പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2147 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഭക്ഷണ സാധനങ്ങളിലെ മായം കണ്ടെത്തുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി. ഉണ്ണി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പഴം, പച്ചക്കറി, അരി മുതലായ ഭക്ഷ്യവസ്തുക്കളിൽ ചേർത്തിരിക്കുന്ന മായം കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദീകരിക്കാമോ; | എ) | സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പവരുത്തുന്നതിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പടെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ/ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഭക്ഷണ സാധനങ്ങളിലെ മായം മാരകരോഗങ്ങൾക്ക് കാരണമാവുന്നു എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) | ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തേണ്ടതായിട്ടുണ്ട്. |
| സി) | ഭക്ഷ്യസുരക്ഷ വകുപ്പിലെ ഉദ്യോഗസ്ഥരും പോലീസ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധനകൾ നടത്തി മായം കലർന്ന ഭക്ഷ്യ സാധനങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിന് അടിയന്തരമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ? | സി) | ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ പരിശോധന നടത്തി മായം കലർന്ന ഭക്ഷ്യ സാധനങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുമായി ചേർന്ന് പരിശോധന നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ